ഇന്ന് ഭവന രഹിതർക്ക് വീട് നൽകുന്നതിനും ഭൂരഹിത ഭവന രഹിതർക്ക് ഭൂമിയും വീടും നൽകുന്നതിനും പദ്ധതികള് നടപ്പിലാക്കാൻ നഗരസഭക്ക് സാധിക്കുനനുണ്ട്. ശിഹാബ് തങ്ങള് ഭവന പദ്ധതിയിലൂടെ ഭവന രഹിതരായ 571 ആളുകൾക്ക് വീട് നല്കാൻ നഗരസഭക്കായിട്ടുണ്ട്. ഇപ്പോൾ കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയായ പി.എം.എ).വൈ.യുമായി ബന്ധപ്പെട്ട സംയുക്തമായി ഭവന രഹിതർക്ക് വീടും ഭൂരഹിത ഭവന രഹിതർക്ക് ഭൂമിയും വീടും നല്കുന്നതിനും നഗരസഭ പ്ലാന് ഫണ്ടിന്റെ 20 ശതമാനം തുക വകയിരുത്തുന്നതിന് പുറമെ വീയ്പയിലൂടെ അധിക തുകയും വകയിരുത്തുന്നുണ്ട്.

ജനകീയാസൂത്രണത്തിന് കാല് നൂറ്റാണ്ട് പിന്നിട്ട ഈ അവസരത്തിൽ ഓരോ പഞ്ചവത്സര പദ്ധതി കാലത്തും കാർഷിക മേഖലയിലെ വികസന തന്ത്രങ്ങള് അവലോകനം ചെയ്യുന്നത് നന്നായിരിക്കും.

| ക്രമ നമ്പർ | പഞ്ചവത്സര പദ്ധി | പഞ്ചവത്സര പദ്ധി കാലയളവ് | വികസന തന്ത്രം |
|---|---|---|---|
| 1 | ഒമ്പതാം പഞ്ചവത്സര പദ്ധതി | 1997-2002 | ഭവന രഹിതരുടെ എണ്ണം കുറക്കുക |
| 2 | പത്താം പഞ്ചവത്സര പദ്ധതി | 2002-2007 | ഭവന രഹിതര്, ഭൂരഹിതര് ഭവന രഹിതർ എന്നിവരുടെ എണ്ണം കുറക്കുക |
| 3 | പതിനൊന്നാം പഞ്ചവത്സര പദ്ധതി | 2007-2012 | |
| 4 | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി | 2012-2017 | ഭവന രഹിതരുടെ എണ്ണം കുറക്കുക, ആശ്രയ ഗുണഭോക്താക്കളെ കണ്ടെത്തി സഹായം നൽകുക |
| 5 | പതിമൂന്നാം പഞ്ചവത്സര പദ്ധതി | 2017-2022 | ഭവന രഹിതരുടേയും ഭൂരഹിതരുടേയും എണ്ണം കുറക്കുക അഗതി കേരളം പദ്ധതിയിലൂടെ ഗുണഭോക്താക്കള്ക്ക് ദാരിദ്ര്യം ഇല്ലായ്മ ചെയ്യാൻ പ്രൊജക്ടുകള് തയ്യാറാക്കുക |
| 6 | പതിനാലാം പഞ്ചവത്സര പദ്ധതി | 2022-2027 | |

വാംബെ, ശിഹാബ് തങ്ങൾ ഭവന പദ്ധതി എന്നിവ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നടപ്പിലാക്കിയ വിവിധ പദ്ധതികളില് എടുത്ത് പറയേണ്ട പദ്ധതികളാണ്. സംസ്ഥാന ഭവന നിര്മ്മമാണ ബോര്ഡുമായി സംയുക്തമായി നടപ്പിലാക്കാൻ ലക്ഷ്യമിട്ട ഭവനശ്രീ പദ്ധതി പരാജയപ്പെട്ട പ്രൊജക്ട്കളില് ഒന്നാണ്. ഗുണഭോക്താക്കളായ ഭവന രഹിതരിൽ നിന്നും ഗുണഭോക്തൃ വിഹിതവും നഗരസഭ വിഹിതവും ഭവന നിര്മ്മാണ ബോഡില് അടവാക്കിയെങ്കിലും ഗുണഭോക്താക്കൾക്ക് വീട് വെക്കാന് പദ്ധതി ലക്ഷ്യമിട്ട തുക ഭവന നിര്മ്മാണ ബോര്ഡ് നല്കാത്തത് ഈ

പദ്ധതിയുടെ പരാജയത്തിന് കാരണമായി ആശ്രയ പദ്ധതിയിലൂടെ അഗതി കേരളം പദ്ദതിയില് ഉൾപ്പെടെയും നിരാലംബരായ ആളുകളെ കണ്ടെത്തി അവർക്ക് ആവശ്യമായ സൌകര്യങ്ങൾ ഒരു മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിച്ചു. വിശപ്പ് രഹിത കേരളം പദ്ധതിയില് ഭക്ഷണത്തിന് വകയില്ലാത്തവര്ക്ക് ഭക്ഷണം ലഭ്യമാക്കാൻ സാധിച്ചു.

25 വര്ഷത്തിനിടയില് ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി നടപ്പിലാ ക്കിയ വിവിധ പദ്ധതികളിലൂടേയുള്ള പ്രധാന നേട്ടങ്ങളും

| ക്രമ നമ്പർ | നേട്ടങ്ങൾ | മാറ്റങ്ങൾ |
|---|---|---|
| 1 | ഭവന രഹിതർക്ക് വീടുകള് ലഭ്യമാക്കി | ഭവന രഹിതരുടെ എണ്ണം കുറഞ്ഞു. |
| 2 | ഭൂരഹിതർക്ക് വീട് നിർമ്മിക്കാന് ഭൂമി നൽകി വീട് ലഭ്യമാക്കി | ഭൂരഹിത ഭവന രഹിതരുടെ എണ്ണം കുറഞ്ഞു |
| 3 | വാസുയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കി | വാസയോഗ്യമല്ലാത്ത വീടുകളുടെ എണ്ണം കുറഞ്ഞു |
| 4 | കക്കൂസ് ലഭ്യമാക്കി | കക്കൂസ് ഇല്ലാത്തവർ ഇല്ലാതായി |
| 5 | വാസയോഗ്യമല്ലാത്ത വീടുള്ളവരുടെ വീടുകൾ വാസയോഗ്യമാക്കാൻ സാധിച്ചു. | വാസയോഗ്യമല്ലാത്ത വീടുള്ളവരുടെ എണ്ണം കുറക്കാൻ സാധിച്ചു. |
| 6 | ആശ്രയ പദ്ധതിയിലൂടെ നിലാരമ്പരായ ആളുകളെ കണ്ടെത്തി ആനുകൂല്യങ്ങൾ നൽകാന് സാധിച്ചു. | നിരാശ്രയരായ ആളുകളുടെ ജീവിത നിലവാരം ഉയ ർത്താൻ സാധിച്ചു. |
| 7 | അഗതി കേരളം പദ്ധതിയി ലൂടെ അര്ഹരായവർക്ക് ആനുകൂല്യം നൽകാന് സാധിച്ചു | നിരാശ്രയരായ ആളുകളുടെ ജീവിത നിലവാരം ഉയ ർത്താൻ സാധിച്ചു. |
| 8 | വിശപ്പ് രഹിത കേരളം പദ്ധതിയലൂടെ ഭക്ഷണത്തിന് മാർഗ്ഗമില്ലാത്തവർക്ക് ഭക്ഷണം നൽകാന് സാധിച്ചു | എല്ലാവർക്കും ഭക്ഷണം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ സാധിച്ചു. |

ദുർബല വിഭാഗങ്ങളായ എസ്.സി./എസ്.ടി വിഭാഗക്കാര് പിന്നോക്ക വിഭാഗക്കാർ, വികലാംഗർ, മുന്നോക്ക വിഭാഗത്തിലെ സാമ്പത്തിക മായി പിന്നോക്കം നില്ക്കുന്നവർ എന്നിവർക്ക് പാര്പ്പിടം, ഭക്ഷണം, അടിസ്ഥാന സൌകര്യങ്ങൾ എന്നിവ ഒരുക്കുക. സാമൂഹ്യ സമത്വം ഉറപ്പ് വരുത്തി ഇവരെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്നാണ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നഗരസഭ ലക്ഷ്യമിടുന്നത്. ഇതിനായി വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിച്ച് കേന്ദ്രഫണ്ടുകൾ പ്രയോജനപ്പെടുത്തി സമഗ്രമായ മാറ്റത്തിനുള്ള ചർച്ചകളഅ വർക്കിംഗ് ഗ്രൂപ്പിലൂടെ നടത്തുന്നതാണ്.

## 6. സാമൂഹ്യ നീതി (ഭിന്നശേഷിയുള്ളവര്, വയോജനങ്ങൾ, എന്നിവരുടെ ക്ഷേമം ഉൾപ്പെടെ)

സാമൂഹ്യനീതി മേഖലയിൽ ഇരുപത്തഞ്ച് വർഷം മുമ്പുള്ള അവസ്ഥയും ഇന്നത്തെ അവസ്ഥയും താരതമ്യം ചെയ്ത് ഈ മേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങള് വിലയിരുത്തുന്നത് പതിനാലാം പഞ്ചവത്സര പദ്ധതികള് രൂപീകരിക്കുന്നതിന് സഹായകരമാകും.

സാമൂഹ്യ സമത്വം നിലനിർത്തുന്നതിന് സാമൂഹ്യ നീതി നിലനിൽക്കേണ്ടത് ആവശ്യമാണ്. സമൂഹത്തിലെ ഏറ്റവും ദുർബലരായ ഭിന്നശേഷിക്കാരുടേയും വയോജനങ്ങളുടേയും ക്ഷേമം ഉറപ്പ് വരുത്താൻ കഴിയാത്തത് ഏറ്റവും പ്രധാനപ്പെട്ട വിഷയമായി കണക്കാക്കേണ്ടതുണ്ട്. വകുപ്പ് തലത്തില് ചെയ്യുന്ന പ്രവർത്തനങ്ങള് മാത്രമായിട്ടാണ് ജനകീയാസൂത്രണം കാര്യക്ഷമമാക്കുന്നതിന് ഈ മേഖലയിൽ ഉണ്ടായിരുന്നത്.

ഇന്ന് നഗരസഭക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്നും മൂന്ന് ഐസിഡിഎസ് സൂപ്പർവൈസർമാരുടെ സേവനം വിട്ടുകിട്ടിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ ആളുകള്ക്ക് ആത്മ വിശ്വാസം പകരാനും വയോജനങ്ങൾക്ക് സംതൃപ്തരായ ജീവിതം നയിക്കാനും ജനകീയാസൂത്രണ പ്രവർത്തനങ്ങള് വളരെ സഹായകരമായിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് സഹായഉപകരണങ്ങള്, സ്കോളർഷിപ്പ്, സ്വയംതൊഴിൽ പദ്ധതികള് വയോജനങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങള് എന്നിവ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഫലമായി നടപ്പിലാക്കാന് കഴിഞ്ഞിട്ടുണ്ട്.

കൂടാതെ സംസ്ഥാന സർക്കാരിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ഭിന്നശേഷിക്കാർക്കും വയോജന ങ്ങൾക്കും ക്ഷേമപെൻഷനുകളും നൽകുന്നുണ്ട്.

ജനകീയാസൂത്രണ്തതിന് കാൽ നൂറ്റാണ്ട് പിന്നിട്ട ഈ അവസരത്തിൽ ഓരോ പഞ്ചവത്സര പദ്ധതി കാലത്തും കാർഷിക മേഖലയിലെ വികസന തന്ത്രങ്ങൾ അവലോകനം ചെയ്യുന്നത് പ്രയോജനപ്രദമാകും

| ക്രമ നമ്പ ർ | പഞ്ചവത്സര പദ്ധി | പഞ്ചവത്സര പദ്ധി കാലയളവ് | വികസന തന്ത്രം |
|---|---|---|---|
| 1 | ഒമ്പതാം പഞ്ചവത്സര പദ്ധതി | 1997-2002 | ഭിന്നശേഷിക്കാർ, വയോജനങ്ങൾ തുടങ്ങിയ ദുർഭല വിഭാഗക്കാരുടെ ജീവിത നിലവാരം ഉയർത്തുക |
| 2 | പത്താം പഞ്ചവത്സര പദ്ധതി | 2002-2007 | ഭിന്നശേഷിക്കാരുടേയും, വയോജനങ്ങളുടേയും ജീവിത നിലവാരം ഉയർത്തുക |
| 3 | പതിനൊന്നാം പഞ്ചവത്സര പദ്ധതി | 2007-2012 | ഭിന്നശേഷിക്കാരുടേയും, വയോജനങ്ങളുടേയും ജീവിത നിലവാരം ഉയർത്തുക |
| 4 | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി | 2012-2017 | ഭിന്നശേഷിക്കാരുടേയും, വയോജനങ്ങളുടേയും ജീവിത നിലവാരം ഉയർത്തുക |
| 5 | പതിമൂന്നാം പഞ്ചവത്സര പദ്ധതി | 2017-2022 | ഭിന്നശേഷിക്കാരുടേയും, വയോജനങ്ങളുടേയും ജീവിത നിലവാരം ഉയർത്തുക |

ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ബഡ്സ് സ്കൂൾ വിദ്യാർത്ഥികള്ക്കുള്ള സ്കോളർഷിപ്പുകൾ, വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്നിവ ഈ മേഖലയില് നടപ്പിലാക്കി എടുത്ത് പറയേണ്ട വിജയിച്ച പദ്ധതികളാണ്. ഭിന്നശേഷിക്കാർക്ക്

സഹായോപകരണങ്ങൾ വിതരണം ചെയ്തതില് മുച്ചക്ര വാഹനങ്ങളുടെ തുടര് ഉപയോഗം വേണ്ടത്ര പ്രയോജനപ്പെടുത്താത്തത് പരാജയപ്പെട്ട പ്രോജക്ടുകളുടെ ഗണത്തിൽപെടുത്താം.

| ക്രമ നമ്പർ | നേട്ടങ്ങൾ | മാറ്റങ്ങൾ |
|---|---|---|
| 1 | ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി | ശാരീരിക അവശതയനുഭവിക്കുന്നവർക്ക് സഹായകരമായി |
| 2 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സോകോളർഷിപ്പ് നൽകി | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് സഹായകരായി |
| 3 | ബഡ്സ് സ്കൂൾ മുഖേന മാനസിക വൈകല്യമുള്ള കുട്ടികൾക്ക് അനൌപചാരിക വിദ്യാഭ്യാസം ലഭിച്ചു | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താന് സഹായകരമായി |
| 4 | പകൽവീട് സ്ഥാപിച്ചത് മൂലം വയോജനങ്ങളുടെ സാമൂഹികമായ ഒറ്റപ്പെടല് കുറഞ്ഞി | വയോജനങ്ങളുടെ വിശ്രമ ജീവിതം ആസ്വാദകരമായി |
| 5 | വയോജനങ്ങൾക്ക് സഹായോപകരണങ്ങള് നൽകുന്നതു വഴി മെച്ചപ്പെട്ട സൌകര്യങ്ങൾ നൽകാന് കഴിഞ്ഞു | വയോജനങ്ങളുടെ ജീവിതം ആസ്വാദകരമായി |

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവില് ഭിന്ശേഷിക്കാർക്കും വയോജനങ്ങൾക്കും മുഖ്യധാരയിലേക്ക് ഉയരാനും അവരുടെ ജീവിതം പ്രതീക്ഷാ നിര്ഭരമാക്കാനും ആവശ്യമായ ഇടപെടലുകള് നടത്തുക എന്നാണ് നഗരസഭയുടെ ലക്ഷ്യം

കേന്ദ്രസര്ക്കാരിന്റെ പദ്ധതികളും ഫണ്ടുമായും സംയോജിപ്പിച്ച് കൊണ്ടുള്ള ബാധ്യതകൾ ചര്ച്ചചെയ്യപ്പെടുന്നതാണ്. സമഗ്രമായ മാറ്റത്തിനും ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടേയും ജീവിത

പ്രയാസങ്ങൾ ദുരീകരിച്ച് മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പില് വേണ്ട ചർച്ചകള് നടത്തുന്നതാണ് അടുത്ത പത്ത് വർഷത്തിനുള്ള സമഗ്രമായ മാറ്റവും പുനരധിവാസവുമാണ് നഗരസഭയുടെ ദീര്ഘകാല ലക്ഷ്യങ്ങള്.

## 7. ജെൻഡര് വികസനവും കുട്ടികളുടെ വികസനവും

സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി നഗരസഭ ചെയ്തിട്ടുള്ള കാര്യങ്ങളിൽ ഇരുപത്തിയഞ്ച് വർഷം മുമ്പുള്ള അവസ്ഥയും ഇന്നത്തെ അവസ്ഥയും താരതമ്യം ചെയ്ത് ഈ മേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങള് വിലയിരുത്തുന്നത് പതിനാലാം പഞ്ചവത്സര പദ്ധതികൾ രൂപീകരിക്കുന്നതിന് സഹായകരമാകും.

സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം, സമത്വം എന്നിവ ഒരു പരിഷ്കൃത സമൂഹത്തിന്റെ ലക്ഷണമാണ്. ആയതിനുള്ള ശ്രമങ്ങൾ നഗരസഭ കഴിഞ്ഞ 25 വര്ഷമായി തുടര്ന്നു വരുന്നു.

ജനകീയാസൂത്രണ പരിപാടികള് ആരംഭിക്കുന്ന കാലങ്ങളില് വകുപ്പ് തല പരിപാടികൾ മാത്രമാണ് സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനും ക്ഷേമത്തിനും ഉണ്ടായിരുന്നത്. ഇക്കാലങ്ങളിൽ ഗർഭിണികളായ സ്രീകൾക്കും കുട്ടികൾക്കും പോഷകാഹാരം നൽകല് മാത്രായി ഒതുങ്ങി നിന്നിരുന്നു. ഈ മേഖലയിലെ ക്ഷേമ വികസന പ്രവർത്തനങ്ങള്.

ഇന്ന് നഗരസഭക്ക് 3 ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ സേവനം വകുപ്പിൻ നിന്നും വിട്ട്കിട്ടിയിട്ടുണ്ട്. ഇത് ഈ മേഖലയിലെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കിട്ടിയിട്ടുണ്ട്. സ്രീകൾക്കെതിരെയുള്ള വിവേചനം, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള പീഡനങ്ങള് എന്നിവ തടയുന്നതിനും പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നകതിനും ജാഗ്രത ,മിതി പോലെയുള്ള സംവിധാനങ്ങള് ഇന്ന് സാധിക്കുനുണ്ട്. എന്നിരുന്നാലും സ്ത്രീകളുടേയും കുട്ടികളുടെയും ക്ഷേമ കാര്ങ്ങളിൽ ഇനിയും ശക്തമായ ഇടപെടലുകള് നടത്തേണ്ടതുണ്ട്.

സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക രംഗത്തെ ശാക്തീകരണ ത്തിനും കുട്ടികളുടെ ക്ഷേമത്തിനും നഗരസഭയുടെ ഇടപെടലുകൾ പ്രയോജനകരമായിട്ടുണ്ട്.

ജനകീയാസൂത്രണത്തിന് കാൽ നൂറ്റാണ്ട് പിന്നിട്ട ഈ അവസരത്തിൽ ഓരോ പഞ്ചവത്സര പദ്ധതി കാലത്തും സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിന് സ്വീകരിച്ച വികസന തന്ത്രങ്ങൾ അവലോകനം ചെയ്യുന്നുത് ഉചിതമായിരിക്കും.

| ക്രമ നമ്പർ | പഞ്ചവത്സര പദ്ധി | പഞ്ചവത്സര പദ്ധി കാലയളവ് | വികസന തന്ത്രം |
|---|---|---|---|
| 1 | ഒമ്പതാം പഞ്ചവത്സര പദ്ധതി | 1997-2002 | |
| 2 | പത്താം പഞ്ചവത്സര പദ്ധതി | 2002-2007 | |
| 3 | പതിനൊന്നാം പഞ്ചവത്സര പദ്ധതി | 2007-2012 | |
| 4 | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി | 2012-2017 | |
| 5 | പതിമൂന്നാം പഞ്ചവത്സര പദ്ധതി | 2017-2022 | സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം |

പൂരകപോഷകാഹാര പദ്ധതികൾ സ്ത്രീകളുടേയും കുട്ടികളുടേയും പോഷണ നിലവാരം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്. കുടുംബശ്രീ സംവിധാനത്തിലൂടെ സ്ത്രീകൾക്കും കുടുംബങ്ങൾക്കും സാമ്പത്തിക ഉന്നതിയും ഉണ്ടായിട്ടുണ്ട്. തൊഴിൽ രംഗത്തേക്ക് കൂടുതല് സ്ത്രീകള് കടന്നുവരുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്.

ഒൻമ്പതാം പഞ്ചവത്സര പദ്ധതി കാലയളവില് അരംഭിച്ച വനിത അപ്പാരൽ പാർക്ക് ഈ മേഖലയിലെ പരാജയപ്പെട്ട പ്രൊജക്ടുകളിൽ ഉൾപ്പെടുന്നു. അനുയോജ്യരായ വനിത സംരഭകരുടെ ഒപ്പുകൾ സന്നദ്ധരാകാത്തതാണ് ഈ പ്രൊജക്ടിന്റെ പരാജയത്തിന് കാരണം.

ഇരുപത്തഞ്ച് വർഷത്തെ കാലയളവില് നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫലമായുണ്ടായ പ്രധാന നേട്ടങ്ങളും മാറ്റങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നേട്ടങ്ങൾ | മാറ്റങ്ങൾ |
|---|---|---|
| 1 | വിദ്യാഭ്യാസ രംഗത്ത് മുന്നേറ്റം ഉണ്ടായി | വിദ്യാഭ്യാസ നിലവാരം ഉയർന്നു |
| 2 | സ്ത്രീകൾക്കും കുട്ടികൾക്കും അനുപൂരക പോഷകാഹാരം | പൊതുരംഗത്തേക്കുള്ള സ്ത്രീകളുടെ കടന്ന് വരവ് സ്ത്രീകളുടേയും കുട്ടികളുടേയും പോഷകാഹാര കുറവ് പരിഹരിച്ചു. |
| 3 | സ്ത്രീകൾ തൊഴിലെടുക്കുന്നവരും സാമ്പത്തിക പുരോഗതി കൈവരിച്ചവരും ആയി | സാമ്പത്തിക ഉന്നമനം |

സ്ത്രീകളുടേയും കുട്ടികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും കേന്ദ്ര ഫണ്ടുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതില് ഉതകുന്ന ചർച്ചകള് വർക്കിംഗ് ഗ്രൂപ്പില് നടത്തും.

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനവും, സാസ്കാരിക സാമ്പത്തിക രംഗത്തെ പുരോഗതിയും സ്ത്രീകളോടുള്ള വിവേചനം ഇല്ലായ്മ ചെയ്യവും കുട്ടികൾക്കെതിരെയുള്ള അതിക്രമം തടയലുമാണ് നഗരസഭയുടെ ദീർഘകാല ലക്ഷ്യം.

## 8. പട്ടികജാതി വകസനം.

പട്ടികജാതിക്ഷേമം സംബന്ധിച്ച് 25 വർഷത്തിന് മുമ്പുള്ള അവസ്ഥയും ഇന്നത്തെ അവസ്ഥയും ഇന്നത്തെ അവസ്ഥയും താരതമ്യം ചെയ്യുന്നതും മാറ്റങ്ങൾ വിലയിരുത്തുന്നതും പതിനാലാം പഞ്ചവത്സര പദ്ധതികൾ രൂപീകരിക്കുന്നതിന് സഹായകരമാകും.

പട്ടികജാതിക്കാരുടെ ഉന്നമനം നഗരസഭയുടെ പ്രഖ്യാപിത ലക്ഷ്യമാണ്. കണിഞ്ഞ 25 വർഷത്തിനിടയില് ഒട്ടേറെ പദ്ധികള് നഗരസഭ ഇതിനായി നടപ്പിലാക്കി.

ജനകീയാസൂത്രണത്തിന് മുമ്പ് വകുപ്പ് തല പരിപാടികളും പദ്ധതികളും മാത്രമായിരുന്നു പട്ടികജാതി ക്ഷേമത്തിന് ഉണ്ടായിരുന്നത്.

പട്ടികജാതി വികസന വകുപ്പിൽ നിന്നും ഒരു പട്ടികജാതി വികസന ഓഫീസറെ നഗരസഭക്ക് വിട്ട് കിട്ടിയിട്ടുണ്ട്.

പട്ടികജാതികാർക്ക് പാർപ്പിടം, ഭൂമി, തൊഴിൽ പദ്ധതി, പഠന സഹായം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, വിവാഹ ധനസഹായം, അടിസ്ഥാന പാശ്ചാത്തല സൌകര്യങ്ങൾ എന്നീ രംഗത്തെ സമഗ്രമായ മാറ്റങ്ങളും പുരോഗതിയും ഇരുപത്തിയഞ്ച് വർഷത്തെ ജനകീയാസൂത്രണ പദ്ധതി മൂലം ഉണ്ടായിട്ടുണ്ട്. എന്നാല് പട്ടികജാതി ക്ഷേമത്തിനുള്ള ഫണ്ട് പൂർണ്ണമായി ചെലവഴിക്കാന് കഴിയാത്ത സാഹചര്യം ഉണ്ട്.

ജനകീയാസൂത്രണ രംഗത്ത് കാല് നൂറ്റാണ്ട് പിന്നിട്ട് ഈ അവസരത്തിൽ ഓരോ പഞ്ചവത്സര പദ്ധതി കാലത്തും ഈ രംഗത്ത് നഗരസഭ സ്വീകരിച്ച വികസന തന്ത്രങ്ങൾ അവലോകനം ചെയ്യുന്നത് നന്നായിരിക്കും

| ക്രമ നമ്പർ | പഞ്ചവത്സര പദ്ധി | പഞ്ചവത്സര പദ്ധി കാലയളവ് | വികസന തന്ത്രം |
|---|---|---|---|
| 1 | ഒമ്പതാം പഞ്ചവത്സര പദ്ധതി | 1997-2002 | |
| 2 | പത്താം പഞ്ചവത്സര പദ്ധതി | 2002-2007 | |
| 3 | പതിനൊന്നാം പഞ്ചവത്സര പദ്ധതി | 2007-2012 | |
| 4 | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി | 2012-2017 | |
| 5 | പതിമൂന്നാം പഞ്ചവത്സര പദ്ധതി | 2017-2022 | പട്ടികജാതി വിഭാഗങ്ങളുടെ സമഗ്രമായ ക്ഷേമവും ഉന്നമനവും |

പട്ടികജാകതി വിഭാഗക്കാർക്ക് ഭവന പദ്ധതി, ഭൂരഹിതർക്ക് വീട് വെക്കാൻ ഭൂമി, സ്വയം തൊഴില് പദ്ധതികള് പഠനോപകരണങ്ങൾ വിവാഹ ധനസഹായം പ്രീമെട്രിക് ഹോസ്റ്റല് പാശ്ചാത്തല സൌകര്യം ഒരുക്കൽ എന്നിവ ഈ മേഖലയില് വികസനത്തിനും ക്ഷേമത്തിനും കളമൊരുക്കിയ പദ്ധതികളാണ്.

പട്ടികജാതിക്കാരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ നിർവ്വഹണം നടത്തുന്നതിനായി ഒരു SCDO യെ സർക്കാര് നഗരസഭയിലേക്കായി അനുവദിച്ചിട്ടുണ്ട്. പട്ടികജാതിക്കാരുടെ പല തൊഴിൽ പദ്ധതികളും പരാചയപ്പെടാന് കാരണമായിട്ടുണ്ട്. പരമ്പരാഗത തൊഴിലില് നിന്നും വ്യതിചലിക്കാനുള്ള വ്യഗ്രത, തൊഴിൽ മേഖലയിലുള്ള അസ്ഥിരത എന്നിവ സ്വയം സംരഭകത്വത്തില് നിന്നും പുതു തലമുറയെ അകറ്റുന്നതിന് കാരണമായിട്ടുണ്ട്.

മുൻ വർഷങ്ങളിടെ പദ്ധതി പ്രവർത്തനങ്ങള് വഴി മേഖലക്കുണ്ടയ നേട്ടങ്ങളും മാറ്റങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നേട്ടങ്ങൾ | മാറ്റങ്ങൾ |
|---|---|---|
| 1 | ഭവന പദ്ധതികൾ ജീവിത നിലവാരം ഉയർത്തി | ഭവന രഹിതർക്ക് ഭവനം നൽകി |

മുൻകാലങ്ങളിലെ അനുഭവ സമ്പത്തും പരിചയവും വരും പദ്ധതികളിൽ ഉപയോഗിച്ച് മേഖലയുംടെ സമ്പൂർണ്ണ വിജയം സാധ്യമാക്കാൻ കേന്ദ്ര പദ്ധതികളുമായുള്ള സംയോജന സാധ്യതകള് പരിശോധിക്കും.

പട്ടികജാതിക്കാരുടെ ജീവിത നിലവാരം ഉയർത്തി മേഖലയുടെ സമഗ്രമായ വികസനമാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ നഗരസഭ ലക്ഷ്യമിടുന്നത്.

## 9.ആരോഗ്യം

ആരോഗ്യ മേഖലയിൽ ഇരുപത്തിയഞ്ച് വര്ഷം മുമ്പുള്ള അവസ്ഥയും ഇന്നത്തെ അവസ്ഥയും താരതമ്യം ചെയ്ത് ഈ മേഖലയില് വന്നിട്ടുള്ള മാറ്റങ്ങള് വിലയിരുത്തുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആരോഗ്യ മേഖലക്കുള്ള പദ്ധതികള് രൂപീകകരിക്കുന്നതിന് സഹയകരമാകും.

ആരോഗ്യ മേഖലയില് അടിസ്ഥാന സൌകര്യങ്ങളുടെ കുറവും ചികിത്സാ സംവിധാനങ്ങളുടെ കുറവും ആരോഗ്യ പ്രവര്ത്തകരുടെ കുറവും വെല്ലുവിളികളായിരുന്നു.

ആരോഗ്യ വകുപ്പു മുഖേനെയുള്ള സൌകര്യങ്ങള് മാത്രമായിരുന്നു ജനകീയാസൂത്രണത്തില് മുമ്പ് ഈ മേഖലയിലെ ഏക ആശ്രയം.

ഇന്ന് ജില്ലാ ആശുപത്രികളും നഗരസഭയുടെ നിയന്ത്രണത്തിലാണ്.

PHC, CHC താലൂക്കാശുപത്രി മുതലായവക്കു മരുന്നുകള് മറ്റ് ഭൌതികമായ സൌകര്യങ്ങള് എന്നിവയും രോഗപ്രതിരോധ പ്രവര്ത്തനങ്ങള്, എന്നിവയിലെല്ലാം നഗരസഭയുടെ ഫലപ്രമായ ഇടപെടലുകള് ഉണ്ടാകുന്നുണ്ട്.

നഗരസഭയില് ആരോഗ്യ മേഖലയിലെ പദ്ധതികള് നിര്വ്വഹണം നടത്തുന്നതിന് ഒരു മെഡിക്കല് ഓഫീസറെ വിട്ടുകിട്ടിയിട്ടുണ്ട്.

അലോപ്പതി, ആയുര്വേദം, ഹോമിയോ, യുനാനി എന്നീ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലും ജനകീയാസൂത്രണ പദ്ധതി പ്രവര്ത്തനങ്ങള് നടക്കുന്നുണ്ട്.

രോഗ പ്രതിരോധ പ്രവര്ത്തനങ്ങള് കാര്യക്ഷമമായും ഫലപ്രദമായും നടന്നു വരുന്നതിനാല് വളരെ മികച്ച ആരോഗ്യ മേഖല സൃഷ്ടിക്കാന് നമുക്ക് സാധിച്ചിട്ടുണ്ട്.

എത്രയും വേഗം ആധുനിക ചികിത്സ ലഭിക്കാനുള്ള സൌക്രയങ്ങള് നാട്ടിലുണ്ട്. സോവകാര്യ മേഖലയിലെ ചികിത്സാ സംവിധാനങ്ങളും ഇതിന് വളരെ അധികം സഹായകരമായിട്ടുണ്ട്.

ജനകീയാസൂത്രണത്തില് കാല് നൂറ്റാണ്ട് പിന്നിട്ട ഈ അവസരത്തില് ഓരോ പഞ്ചവത്സര പദ്ധതി കൈലതേതും ആരോഗ്യ മേഖലയിലെ വികസന തന്ത്രങ്ങള് അവലോകനം നടത്തുനന്ത നന്നായിരിക്കും.

| ക്രമ നമ്പര് | പഞ്ചവത്സര പദ്ധി | പഞ്ചവത്സര പദ്ധി കാലയളവ് | വികസന തന്ത്രം |
|---|---|---|---|
| 1 | ഒമ്പതാം പഞ്ചവത്സര പദ്ധതി | 1997-2002 | അടിസ്ഥാന സൌകര്യങ്ങള് വര്ദ്ധിപ്പിക്കുക |
| 2 | പത്താം പഞ്ചവത്സര പദ്ധതി | 2002-2007 | അടിസ്ഥാന സൌകര്യങ്ങള് വര്ദ്ധിപ്പിക്കുക |

| | | | |
|---|---|---|---|
| 3 | പതിനൊന്നാം പഞ്ചവത്സര പദ്ധതി | 2007-2012 | അടിസ്ഥാന സൌകര്യങ്ങള് വര്ദ്ധിപ്പിക്കുക |
| 4 | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി | 2012-2017 | അടിസ്ഥാന സൌകര്യങ്ങള് വര്ദ്ധിപ്പിക്കുക |
| 5 | പതിമൂന്നാം പഞ്ചവത്സര പദ്ധതി | 2017-2022 | എല്ലാവര്ക്കും ആരോഗ്യം, അടിസ്ഥാന സൌകര്യങ്ങള് വര്ദ്ധിപ്പിക്കുക |

പരിരക്ഷാ യൂണിറ്റ്, കിഡ്നി രോഗികള്ക്ക് ഡയലൈസർ നൽകൽ, അവയവങ്ങൾ മാററിവെച്ചവര്ക്കുള്ള മരുന്ന് നല്കൽ, ആയുർവേദ-ഹോമിയോ-യുനാനി ആശുപത്രികളിലേക്ക് മരുന്ന് നൽകൽ. പാലിയേറ്റീവ് പ്രവൃത്തി, മെഡിക്കൽ കോളേജില് ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ എന്നിവ മുൻവർഷങ്ങളിലെ വിജയം കൈവരിച്ച പദ്ധതികളാണ്.

ഇരുപത്തിയഞ്ച് വർഷത്തിനിടയില് ഒട്ടേറെ പദ്ധതികള് ആരോഗ്യ മേഖലയെ പരിപോഷിക്കാന് സാധിക്കുംവിധം നടപ്പിലാക്കാന് നഗരസഭക്കു കഴിഞ്ഞിട്ടുണ്ട്.

പ്രധാന നേട്ടങ്ങളും മാറ്റങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നേട്ടങ്ങൾ | മാറ്റങ്ങൾ |
|---|---|---|
| 1 | കിടപ്പ് രോഗികൾക്ക് വേണ്ട പരിരക്ഷ | കിടപ്പു രോഗികൾക്ക് ആശ്വാസം ലഭിച്ചു. |
| 2 | കിഡ്നി രോഗികൾക്ക് ഡയലൈസർ | ഡയാലിസിസ് സംവിധാനത്തിന് പ്രയാസമില്ലാതായി |
| 3 | ആശുപത്രികളിലേക്ക് മരുന്ന് | രോഗികള്ക്കു സൌജന്യമായി മരുന്ന് ലഭിച്ചത് വഴി ആരോഗ്യ രംഗം ജനകീയമായി. |
| 4 | മെഡിക്കൽ കോളേജിലേക്ക് ഡയാലിസിസ് യൂണിറ്റ് | സാമ്പത്തികമായി പാവപ്പെട്ട രോഗികൾക്ക് സഹായകരമായി. |

NUHM പോലെയുള്ള കേന്ദ്ര ഫണ്ടുകള് ഉപയോഗിച്ച് കേന്ദ്ര പദ്ധതികളുമായുള്ള സംയോജന സാധ്യതകൾ പ്രയോചനപ്പെടുത്താന് നടപടി സ്വീകരിക്കുന്നതാണ്.

ദരിദ്ര വിഭാഗക്കാർ, ദുർബല വിഭാഗക്കാര് എന്നിവർക്ക് സൌജന്യ നിരക്കിൽ മികച്ച ചികിത്സ ലഭ്യമാക്കുക എന്നതാണ് നഗരസഭയുടെ ദീർഘകാല ലക്ഷ്യങ്ങള്

## 10. ശുചിത്വ മാലിന്യ സംസ്കരണം

നഗരസഭയുടെ ഏറ്റവും പ്രധാന ചുമതലായയതും അനിവാര്യ ചുമതലയിൽ ഉൾപ്പെട്ടതുമാണ് ശുചിത്വവും മാലിന്യ സംസ്കരണവും. 25 വർഷം മുന്നെയുള്ള അവസ്ഥയും ഇന്നത്തെ അവസ്ഥയും വിശകലനം ചെയ്യുന്നത് 14 ആം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് സഹായകരമാകും. ശുചിത്വവും മാലിന്യ സംസ്കരണവും നഗരസഭയുടെ അനിവാര്യ ചുമതലയാണ്. മാലിന്യ സംസ്കരണ പ്രൊജക്ടുകൾ വിജയകരമായി നടപ്പിലാക്കാൻ കഴിയാത്തത് ഈ മേഖളയുടെ പരാജയമാണ്. ജനങ്ങളുടെ സഹകരണം ഏറ്റവും അനിവാര്യമായ ഒന്നാണ്.

മുൻകാലങ്ങളിൽ മാലിന്യങ്ങൾ ശേഖരിച്ച് ട്രഞ്ചിങ് ഗ്രൗണ്ടിൽ നിക്ഷേപിക്കുക എന്നതിൽ മാത്രം നഗരസസഭയുടെ പ്രവർത്തനങ്ങൾ ഒതുങ്ങി നിന്നു. ജനകീയാസൂത്രണം വഴി കൂടുതൽ ആളുകളെ ബോധവത്കരിച്ച് ജനകീയ പങ്കാളിത്തം വർധിപ്പിക്കാൻ സാധിച്ചു. മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാനും സംസ്കരിക്കാനും സംവിധാനങ്ങൾ ഒരുക്കി.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചു.

ജനകീയാസൂത്രണത്തിൽ കാൾ നൂറ്റാണ്ട് പിന്നിട്ട ഈ അവസരത്തിൽ ഓരോ പഞ്ചവത്സര പദ്ധതി കാലത്തും ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ വികസന തന്ത്രങ്ങൾ അവലോകനം ചെയ്യുന്നത് ഉചിതമായിരിക്കും.

| ക്രമ നമ്പ ർ | പഞ്ചവത്സര പദ്ധി | പഞ്ചവത്സര പദ്ധി കാലയളവ് | വികസന തന്ത്രം |
|---|---|---|---|
| 1 | ഒമ്പതാം പഞ്ചവത്സര പദ്ധതി | 1997-2002 | |
| 2 | പത്താം പഞ്ചവത്സര പദ്ധതി | 2002-2007 | |
| 3 | പതിനൊന്നാം പഞ്ചവത്സര പദ്ധതി | 2007-2012 | |
| 4 | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി | 2012-2017 | |
| 5 | പതിമൂന്നാം പഞ്ചവത്സര പദ്ധതി | 2017-2022 | |

മാലിന്യങ്ങൾ മുൻകാലങ്ങളിൽ തരംതിരിക്കാതെ ശേഖരിക്കുകയും ആയത് വേട്ടേക്കോട് ട്രഞ്ചിങ് ഗ്രൗണ്ടിൽ നിക്ഷേപിക്കുകയുമാണ് പതിവ്. എല്ലാ മാലിന്യങ്ഹളും വാഹനത്തിൽ കയറ്റി ട്രഞ്ചിങ് ഗ്രൗണ്ടിൽ കൂട്ടിയിട്ടിക്കുന്നു. വർഷങ്ങൾക്ക് ശേഷം അവിടെ തന്നെ ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് വളം ഉണ്ടാക്കുന്ന രീതി ആരംഭിച്ചു. ആയതിലെ പ്ലാസ്റ്റിക് മാലിന്യലും മറ്റും അവിടെ തന്നെ നിക്ഷേപിച്ച് നിലവിൽ ലെഗേജ് വെസ്റ്റ് ആയി കൂട്ടിയിട്ടിരിക്കുന്നു.

ജനകീയസൂത്രണത്തിൻറെ ഭാഗമായി ജൈവ മാലിന്യം സംസ്കരിക്കുന്നതിന് വീടുകൾക്ക് സംസ്കരണ സംവിധാനം നൽകി ഇപ്പോൾ ഉറവിടത്തിൽ നിന്ന് തന്നെ മാലിന്യം തരംതിരിക്കുന്നുണ്ട്. നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് 38 ഹരിതകർമ്മ സേനകൾ പ്രവർത്തിക്കുന്നുണ്ട്. 4 എം.സി.എഫ് നിലവിലുണ്ട്. വേട്ടേക്കോട് നിലവിലുണ്ടായിരുന്ന പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ജനങ്ങളുടെ എതിർപ്പ് കാരണം 2012 മുതൽ പ്രവർത്തനം നിലച്ചു. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കമ്മ്യൂണിറ്റി ലെവലിൽ നഗരസഭക്ക് സംവിധാനം ഇല്ലാത്തതാണ്. ഹരിത കർമ്മ സേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളിലെ വില ലഭിക്കാത്ത വസ്തുക്കൾ നീക്കം ചെയ്യൽ, ഉറവിട മാലിന്യ സംസ്കരണം (ബയോബിൻ), ഇൻസ്റ്റിറ്റ്യൂഷണൽ ലെവൽ എയറോബിക് ബിൻ കമ്പോസ്റ്റ്, കമ്മ്യൂണിറ്റി ലെവൽ എയറോബിക് ബിൻ കമ്പോസ്റ്റ്, വേട്ടേക്കോട് മാലിന്യ സംസ്കരണ കേന്ദ്രത്തിൽ

ആർ.ആർ.എഫ്, സ്ഥാപിക്കൽ, ഷീ ടോയിലറ്റ്, ബ്രെസ്റ്റ് ഫീഡിങ് ഫെസിലിറ്റി, ടേക്ക് എ ബ്രേക്ക് എന്നിവ വിജയം കൈവരിച്ച ചില പദ്ധതികളാണ്. വേട്ടേക്കോടുള്ള മാലിന്യ സംസ്കരണ പ്ലാൻ പരാജയപ്പെട്ട പ്രോജക്ടാണ്. പൊതുജന എതിർപ്പാണ് പരാജയ കാരണം. മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ ചില പ്രൊജക്ടുകളിലെ പ്രധാന നേട്ടങ്ങളും മാറ്റങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നേട്ടങ്ങൾ | മാറ്റങ്ങൾ |
|---|---|---|
| 1 | ഹരിത കർമസേന വഴി മാലിന്യങ്ങൾ നീക്കം ചെയ്തു | മാലിന്യ സംസ്കരണം ഊർജ്ജിതമാക്കാന് സാധിച്ചു |
| 2 | ഉറവിട മാലിന്യ സംസ്ക്കരണം ബയോബിൻ വഴി നടത്തിയത് മാലിന്യ സംസ്കരണം ഉറവിടത്തില് തന്നെ പ്രാവർത്തികമാക്കാന് കഴിഞ്ഞു | ഉറവിടത്തില് തന്നെ മാലിന്യം സംസ്കരിക്കാന് സാധിച്ചു. |
| 3 | ആർ ആര് എഫ് സ്ഥാപിച്ച് മാലിന്യങ്ങൾ തരം തിരിക്കാൻ സാധിച്ചു. | രോഗികള്ക്കു സൌജന്യമായി മരുന്ന് ലഭിച്ചത് വഴി ആരോഗ്യ രംഗം ജനകീയമായി. |
| 4 | ടേക്ക് എ ബ്രേക്ക് വഴി ശുചിമുറി സൌകര്യം ഉണ്ടായി | ശുചിമുറി സൌകര്യം ലഭ്യമാക്കാൻ കഴിഞ്ഞു. |

അമൃത്, നഗരസഞ്ചയം തുടങ്ങിയ കേന്ദ്ര പദ്ധതികളുമായി സംയോജിച്ച് സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നതാണ്. ശുചിത്വമുള്ള നഗരം എന്നതാണ് നഗരസഭയുടെ ദീർഘകാല ലക്ഷ്യം.

## 11. വിദ്യാഭ്യാസവും കലയും സംസ്കാരവും, കായികം യുവജനകാര്യം

വിദ്യാഭ്യാസം, കല, സംസ്കാരം, കായികം, യുവജനകാര്യം രംഗത്ത് ജനകീയാസൂത്രണത്തിന് ശേഷം വന്ന മാറ്റങ്ങൾ

വിലയിരുത്തുന്നത് പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് വളരെ സഹായകരമാകും.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണക്കുറവ്, കലാസാംസ്കാരിക രംഗത്ത് പ്രവർത്തുക്ക സ്ഥാപനങ്ങളുടെ കുറവും ഭൗതിക സൗകര്യങ്ങളുടെ കുറവും മേഖലയിലെ ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു.

വിദ്യാഭ്യാസ വകുപ്പ് മുഖേനയും സംസ്കാരിക വകുപ്പ് മുഖേനയും നടപ്പിലാക്കിയിരുന്ന പദ്ധതികൾ മാത്രമായിരുന്നു ഈ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്നത്. അത് വളരെ കുറവുമായിരുന്നു.

ഇന്ന് ഹയർസെക്കൻഡറി വിദ്യാഭ്യാസം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നഗരസഭകൾക്ക് കൈമാറിയിട്ടുണ്ട്. ഇത് ഈ മേഖലയിലെ പുരോഗതിക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

ഇരുപത്തിയഞ്ച് വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ മൂലം വിദ്യാഭ്യാസ മേഖലയിൽ കാര്യമാ മാറ്റം കാണാൻ കഴിഞ്ഞിട്ടുണ്ട്. സ്മാർട്ട് സ്കൂളുകൾ, ക്ലാസ് റൂമുകൾ പഠന നിലവാരം ഉയർത്താൻ സഹായകരമായിട്ടുണ്ട്. കലാ സാസ്കാരിക കായിക രംഗത്തും യുവജന ക്ഷേമത്തിനും ജനകീയാസൂത്രണം സഹായകരമായിട്ടുണ്ട്.

ജനകീയാസൂത്രണ രംഗത്ത് കാൽനൂറ്റാണ്ട് പിന്നിട്ട ഈ അവസരത്തിൽ ഓരോ പഞ്ച വത്സര പദ്ധതി കാലത്തും ഈ നഗരസഭ സ്വീകരിച്ച വികസന തന്ത്രങ്ങൾ അവലോകനം ചെയ്യുന്നത് ഗുണകരമായിരിക്കും.

| ക്രമ നമ്പ ർ | പഞ്ചവത്സര പദ്ധി | പഞ്ചവത്സര പദ്ധി കാലയളവ് | വികസന തന്ത്രം |
|---|---|---|---|
| 1 | ഒമ്പതാം പഞ്ചവത്സര പദ്ധതി | 1997-2002 | |
| 2 | പത്താം പഞ്ചവത്സര പദ്ധതി | 2002-2007 | |
| 3 | പതിനൊന്നാം പഞ്ചവത്സര പദ്ധതി | 2007-2012 | |
| 4 | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി | 2012-2017 | |
| 5 | പതിമൂന്നാം പഞ്ചവത്സര പദ്ധതി | 2017-2022 | |

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്വന്തമായി ഭൂമിയില്ലാത്ത സ്കൂളുകൾക്ക് ഭൂമി വാങ്ങി നൽകി അവക്ക് കെട്ടിടം നിർമിച്ച് കൊടുത്തു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വാടക, കരൻറ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, ഫോൺ ചാർജ്ജ് നൽകൽ, സ്കൂളുകൾക്ക് ബഞ്ച്, ഡസ്ക്, മേശ, കസേര, എന്നിവ നൽകൽ, കമ്പ്യൂട്ടറുകൾ നൽകൽ, പാചകപ്പുര നിർമിച്ച് നൽകൽ, മതിൽകെട്ടി കൊടുക്കൽ മുതലായ നിരവധി പുരോഗമന പ്രവർത്തനങ്ങൾ നഗരസഭകൾ നടത്തിയിട്ടുണ്ട്.

ജനകീയാസൂത്രണത്തിന് കാൽനൂറ്റാണ്ട്സ പിന്നിട്ട ഈ അവസരത്തിൽ ഓരോ പഞ്ചവത്സര പദ്ധതി കാലയളവിൽ വിദ്യാഭ്യാസ കല സാസ്കാരിക കായിക യുവജന ക്ഷേമമേഖലയിൽ വന്നിട്ടുള്ള നേട്ടങ്ങളും മാറ്റങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നേട്ടങ്ങൾ | മാറ്റങ്ങൾ |
|---|---|---|
| 1 | സ്കൂളുകൾക്ക് കെട്ടി നിർമ്മാണം | ഭൌതിക സൌകര്യം കിട്ടി |
| 2 | സ്കൂളുകൾക്ക് സ്വന്തമായി സ്ഥലം | ഭൌതിക സൌകര്യം കിട്ടി |

| | | |
|---|---|---|
| 3 | ബെഞ്ച്, ഡസ്ക്ക്, പാചകപ്പുര, കമ്പ്യൂട്ടർ ലാബ്. | അടിസ്ഥാന സൌകര്യം മെച്ചപ്പെട്ടു. |

SSA, RHMS തുടങ്ങിയ കേന്ദ്ര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ ഈ മേഖലയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മെച്ചപ്പെട്ട വിദ്യാഭ്യാസം എല്ലാവർക്കും നൽകുക. കലാകായിക രംഗത്തും യുവജനക്ഷേമ രംഗത്തും സമഗ്രമമായ പുരോഗതിയുമാണ് നഗരസഭയുടെ ദീർഘകാല ലക്ഷ്യം.

## 12. കുടിവെള്ളം

കുടിവെള്ളം മേഖലയിൽ ജനകീയാസൂത്രണത്തിന് ശേഷം വന്ന മാറ്റങ്ങൾ വിലയിരുത്തുന്നത് പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് വളരെയധികം സഹായകരമാകും.

ജനകീയാസൂത്രണത്തിന് മുമ്പ് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനുകൾ, പാരമ്പര്യ ജലസ്രോതസ്സുകൾ എന്നിവയാണ് കുടിവെള്ള വിതരണത്തിനായി നഗരവാസികൾ ആശ്രയിച്ചിരുന്നത്. ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിന് ജനങ്ങൾക്ക് വളരെയധികം പ്രയാസമുണ്ടായിരുന്നു.

കുടിവെള്ളത്തിനായി ജനങ്ങൾ പ്രധാനമായും ആശ്രയിച്ചിരുന്നത് കിണറുകളെ ആയിരുന്നു. ആധുനിക ഉപകരണങ്ങൾ, മോട്ടോർ എന്നിവയുടെ ഉപയോഗം കുറവായിരുന്നതിനാൽ ആളോഹരി ഉപയോഗം കുറവായിരുന്നു. എന്നാൽ ആധുനിക ഉപകരണങ്ങളും സൗകര്യങ്ങളും വർധിച്ചത് വഴി ജലഉപയോഗത്തിൻറെ ആളോഹരി തോത് വർധിക്കുകയും

ജനകീയാസൂത്രണത്തിന് കാൽനൂറ്റാണ്ടത്തെ പിന്നിട്ട ഈ അവസരത്തിൽ ഓരോ പഞ്ചവത്സര പദ്ധതി കാലയളവിലും നഗരസഭയുടെ വികസന തന്ത്രം ചർച്ച ചെയ്യുന്നത് നന്നായിരിക്കും.

| ക്രമ നമ്പർ | പഞ്ചവത്സര പദ്ധി | പഞ്ചവത്സര പദ്ധി കാലയളവ് | വികസന തന്ത്രം |
|---|---|---|---|
| 1 | ഒമ്പതാം പഞ്ചവത്സര പദ്ധതി | 1997-2002 | |
| 2 | പത്താം പഞ്ചവത്സര പദ്ധതി | 2002-2007 | |
| 3 | പതിനൊന്നാം പഞ്ചവത്സര പദ്ധതി | 2007-2012 | |
| 4 | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി | 2012-2017 | |
| 5 | പതിമൂന്നാം പഞ്ചവത്സര പദ്ധതി | 2017-2022 | |

ജനകീയാസൂത്രണ കാലത്ത് ഒട്ടേറെ കുടിവെള്ള പദ്ധതികൾ നഗരസഭ നടപ്പിലാക്കുയും പൈപ്പ് ലൈൻ നീട്ടുന്നതിനും ടാങ്കുകൾ നിർമിക്കുകയും ചെയ്തു. പൊതുകിണറുകൾ നിർമിച്ചു. ജനകീയാസൂത്രണത്തിന് കാൽനൂറ്റാണ്ട് ആ ഈ അവസരത്തിൽ ഇരുപത്തിയഞ്ച് വർഷത്തെ പഞ്ചവത്സര പദ്ധതി മൂലം നഗരസഭയിലുണ്ടായ പ്രധാന നേട്ടങ്ങൾ, മാറ്റങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നേട്ടങ്ങൾ | മാറ്റങ്ങൾ |
|---|---|---|
| 1 | കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുക വഴി കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിച്ചു | എല്ലാവർക്കും കുടിവെള്ളമെന്ന ലക്ഷ്യത്തിലെത്താനുള്ള ശ്രമത്തിന് സഹായകരമായി |
| 2 | ഗുണഭോക്യത സമിതികൾ ജനകീയ പങ്കാളിത്തത്തിന് കാരണമായി | ജനകീയ പങ്കാളിത്തം പ്രത്യേക ഉണർവേകി |

അമൃത് തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതിയുമായി സംയോജിപ്പിച്ച് കൊണ്ട് നഗരസഭയുടെ പ്രദേശത്ത് ശുദ്ധമായ കുടിവെള്ളം ഉറപ്പ് വരുത്തുന്നതിന് നഗരസഭ പദ്ധതി

ആവിഷ്കരിക്കുന്നതാണ്. എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നഗരസഭയുടെ വികസന ലക്ഷ്യം.

## 13. പാർപ്പിടം.

പാർപ്പിടം മേഖലയിൽ 25 വർഷം മുമ്പുള്ള അവസ്ഥയും ഇന്നത്തെ അവസ്ഥയും താര്യം ചെയ്ത് ഈ മേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പാർപ്പിടം മേഖലയിലുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് സഹായകരമാകും.

മനുഷ്യൻറെ പ്രാഥമിക ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പാർപ്പിടം. വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിയുന്നവരുടെ എണ്ണം വളരെ അധികരിച്ചിരുന്ന കാലത്താണ് ജനകീയാസൂത്രണം നിലവിൽ വന്നത്. ഓല, പുല്ല്, തകരം എന്നിവ കൊണ്ടുള്ള മേൽക്കുരയോടുകൂടിയ വീടുകൾ അന്ന് സർവസാധാരണായിരുന്നു.

പാർപ്പിട സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാറിൻറെ യാതൊരു ഇടപെടലുകളും അക്കാലത്ത് ഇല്ലായിരുന്നു.

ജനകീയാസൂത്രണ പദ്ധതികളുടെ ആരംഭകാലത്ത് തന്നെ വീടില്ലാത്തവർക്ക് വീടും വീടിന് സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീട് റിപ്പയറിന് മുന്തിയ പരിഗണന നഗരസഭ നൽകിയിരുന്നു.

വാംബെ പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും ശിഹാബ് തങ്ങൾ ഭവന പദ്ധതി എന്ന നഗരസഭയുടെ സ്വപ്ന പദ്ധതിയിലൂടെയും കേരള ഗവൺമെൻറ് പദ്ധതിയായി ഇ.എം.എസ് ഭവന പദ്ധതിയിലൂടെയും നിരവധി വീടുകൾ നഗരസഭ അനുവദിച്ചു.

കേന്ദ്ര സംസ്ഥാന നഗരസഭ സംയുക്തമായുള്ള PMAY ഭവന പദ്ധതിയിലൂടെയാണ് ഇപ്പോൾ ഭവനരഹിത ഭൂരഹിത ഭവനരഹിതരെ കണ്ടെത്തി വീടുകളും ഭൂമിയും നൽകുന്നത്. ഇരുപത്തിയഞ്ച് വർഷത്തെ പ്രവർത്തന ഫലമായി ഈ മേഖലയിൽ കാര്യമായ ഇടപെടലുകൾ നടത്താൻ നഗരസഭക്ക് സാധിച്ചിട്ടുണ്ട്.

ജനകീയാസൂത്രണത്തിന് കാൽനൂറ്റാണ്ട് പിന്നിട്ട ഈ അവസരത്തിൽ ഓരോ പഞ്ചവത്സര പദ്ധതിയുടെയും നഗരസഭ സ്വീകരിച്ച വികസന തന്ത്രങ്ങൾ ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കും.

| ക്രമ നമ്പർ | പഞ്ചവത്സര പദ്ധി | പഞ്ചവത്സര പദ്ധി കാലയളവ് | വികസന തന്ത്രം |
|---|---|---|---|
| 1 | ഒമ്പതാം പഞ്ചവത്സര പദ്ധതി | 1997-2002 | |
| 2 | പത്താം പഞ്ചവത്സര പദ്ധതി | 2002-2007 | |
| 3 | പതിനൊന്നാം പഞ്ചവത്സര പദ്ധതി | 2007-2012 | |
| 4 | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി | 2012-2017 | എല്ലാവർക്കും ഭവനം |
| 5 | പതിമൂന്നാം പഞ്ചവത്സര പദ്ധതി | 2017-2022 | എല്ലാവർക്കും ഭവനം |

ശിഹാബ് തങ്ങൾ ഭവന പദ്ധതി, പി.എം.എ. വൈ ഭവന പദ്ധതി വിവിധ വർഷത്തിൽ നടത്തിയ  വീട് റിപ്പയർ, എസ്.സി വീട് നിർമാണം, വീടിന് സ്ഥലം നൽകൽ, വീട് റിപ്പയർ എന്നിവ ഈ മേഖലയിൽ വിജയം വരിച്ച പദ്ധതികളാണ്.

ജനകീയാസൂത്രണ കാലത്തിൻറെ ആരംഭ ഘട്ടത്തിൽ ഒമ്പതാം പദ്ധതി കാലത്ത് സംസ്ഥാന ഭവന നിർമാണം ബോർഡുമായി സഹകരിച്ച് നഗരസഭ ആസുത്രണം ചെയ്ത ഭവന രഹിതർക്ക് ഭവന നിർമാണം ഈ മേഖലയിലെ പരാജയപ്പെട്ട പ്രധാന പദ്ധതികളിൽ ഒന്നാണ്. ഭവനനിർമാണ ബോർഡ് കരാർ പാലിക്കാതെ വന്നതാണ് പരാജയ കാരണം.

ജനകീയാസൂത്രണം കൊണ്ടുള്ള പ്രധാന നേട്ടങ്ങളും മാറ്റങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നേട്ടങ്ങൾ | മാറ്റങ്ങൾ |
|---|---|---|
| 1 | ഭവന രഹിതർക്ക് ഭവനം | ഭവന രഹിതരുടെ എണ്ണം കുറഞ്ഞു |
| 2 | ഭൂരഹിത ഭവന രഹിതർക്ക് ഭൂമിയും ഭവനവും | ഭൂരഹിത ഭവന രഹിതരുടെ എണ്ണം കുറഞ്ഞു |
| 3. | ആളുകളുടെ ജീവിത നിലവാരം ഉയർന്നു | ജീവിതം സമാധാന പൂർണ്ണമായി |

## 14.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും പാരമ്പര്യേതര ഊർജ്ജവും ഉൾപ്പടെ)

പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും പാരമ്പര്യേതര ഊർജ്ജവും ഉൾപ്പടെ) മേഖലയിൽ ഇരുപത്തിയഞ്ച് വർഷം മുമ്പുള്ള അവസ്ഥയും ഇന്നത്തെ അവസ്ഥയും താരതമ്യം ചെയ്ത് ഈ മേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഈ മേഖലയിൽ കാര്യക്ഷമമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് സഹായകരമാകും.

## 15. നഗരാസൂത്രണ (മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ ഉൾപ്പടെ)

നഗരസാത്രണ മേഖലയിൽ ഇരുപത്തിയഞ്ച് വർഷം മുമ്പുള്ള അവസ്ഥയും ഇന്നത്തെ അവസ്ഥയും താരതമ്യം ചെയ്ത് ഈ മേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഈ മേഖലയിൽ കാര്യക്ഷമമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് സഹായകരമാകും.

## 16. ജൈവവൈവിധ്യ മാനേജ്മെൻറ് കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം

ജനകീയാസൂത്രണത്തിൻറെ ആരംഭ കാലങ്ങളിൽ ജൈവവൈവിധ്യ മാനേജ്മെൻറ് കാലാവസ്ഥ വ്യതിയാനം ദുരന്ത നിവാരണം എന്നീ മേഖലകളിൽ ഇടപെടലുകൾ നടത്തിയിരുന്നില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധി മുതലാണ് ജൈവവൈവിധ്യ മാനേജ്മെൻറ് രംഗത്ത് നഗരസഭകൾ ഇടപെടാൻ തുടങ്ങിയത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് ദുരന്ത നിവാരണം മേഖലയിലും നഗരസഭയുടെ ഇടപെടലുകൾ അനിവാര്യമായി വന്നു. 2018ലെ പ്രളയവും 2019ലെ പ്രളയവും 2020ലെ കോവിഡ് മഹാമാരിയും ജനകീയ പ്രതിരോധം തീർത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ശക്തമായ ഇടപെടലുകൾ സാധ്യമാകുമെന്ന് പ്രാദേശിക സർക്കാറുകൾക്ക് ബോധ്യമായി.

പരിസ്ഥിതി സംരക്ഷണത്തിൽ പഞ്ചവത്സര പദ്ധതി കാലയളവിൽ ഇടപെടലുകൾ ആരംഭിക്കുകയുണ്ടായി. ജൈവ വൈവിധ്യമാർന്നതാണ് നമ്മുടെ ചുറ്റുപാട്. ജൈവ വൈവിധ്യ സംരക്ഷണത്തിനായി അപൂർണ സസ്യജാലങ്ങളെയും ജീവി വർഗങ്ങളെയും സംരക്ഷിക്കാനുള്ള ചുമതലകൾ കൂടി നഗരസഭക്ക് വന്നുചേർന്നു.

സർക്കാർ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള ചുമതല 2018, 2019 വർഷങ്ങളിൽ ഉണ്ടായ മഹാപ്രളയവും 2020ൽ ഉണ്ടായ കോവിഡ് മഹാമാരിയും വഴിയൊരുക്കി. ശക്തമായ പൊതുജന പിന്തുണയോടെ ജനകീയ പ്രതിരോധം തീർത്ത് ദുരന്തങ്ങളുടെ ആഘാതം കുറക്കാൻ പ്രാദേശിക സർക്കാറുകൾക്കായി.

ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കാനും ദുരന്തആഘാതം കുറക്കാനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾക്കും നഗരസഭക്ക് സാധിച്ചു.

ദുരന്തങ്ങൾ ഇല്ലാതാക്കാൻ നമുക്കാവില്ല. എന്നാൽ ദുരന്തങ്ങളുടെ ആഘാതങ്ങൾ കുറച്ച് ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ വരാതിരിക്കാനുള്ള അതിജാഗ്രത പുലർത്താനാണ് പതിനാലം പഞ്ചവത്സര പദ്ധതി കാലയളവിലുള്ള നഗരസഭയുടെ വികസന ലക്ഷ്യം.

***